**മധുരമായ കുട്ടികളേ- സേവന വാർത്തകൾ കേൾക്കുന്നതിലും വായിക്കുന്നതിലും നിങ്ങൾക്ക് താല്പര്യം ഉണ്ടായിരിക്കണം, എന്തെന്നാൽ ഇതിലൂടെ ഉന്മേഷവും ഉത്സാഹവും വർദ്ധിക്കും, സേവനം ചെയ്യുന്നതിനുള്ള സങ്കല്പം ഉണരും.**

**ചോദ്യം -** സംഗമയുഗത്തിൽ ബാബ നിങ്ങൾക്ക് സുഖം നൽകുന്നില്ല എന്നാൽ സുഖത്തിലേയ്ക്കുള്ള വഴി പറഞ്ഞുതരുന്നു- എന്തുകൊണ്ട്?
**ഉത്തരം -** എന്തുകൊണ്ടെന്നാൽ എല്ലാവരും ബാബയുടെ കുട്ടികളാണ്, അഥവാ ഒരു കുട്ടിയ്ക്ക് മാത്രം സുഖം നൽകിയാൽ അതും ശരിയല്ല. ലൗകിക പിതാവിൽ നിന്നും കുട്ടികൾക്ക് തുല്യമായ ഓഹരി ലഭിക്കുന്നു, പരിധിയില്ലാത്ത അച്ഛൻ ഓഹരി വീതിക്കുന്നില്ല, സുഖത്തിന്റെ വഴി പറഞ്ഞുതരുന്നു. ആര് ആ വഴിയിലൂടെ നടക്കുന്നോ, പുരുഷാർത്ഥം ചെയ്യുന്നോ, അവർക്ക് ഉയർന്ന പദവി ലഭിക്കുന്നു. കുട്ടികൾക്ക് പുരുഷാർത്ഥം ചെയ്യണം, പുരുഷാർത്ഥമാണ് എല്ലാത്തിന്റേയും ആധാരം.

**ഓംശാന്തി**. കുട്ടികൾക്ക് അറിയാം ബാബ മുരളി കേൾപ്പിക്കുകയാണ്. മുരളി എല്ലാവരുടേയും അടുത്തേയ്ക്ക് പോകുന്നു പിന്നീട് മുരളി പഠിച്ച് സേവനം ചെയ്യുന്നത് ആരാണോ അവരുടെ വാർത്തകൾ മാഗസീനിൽ വരും. അപ്പോൾ ഏതെല്ലാം കുട്ടികളാണോ മാഗസീൻ വായിക്കുന്നത് അവർക്ക് സേവനത്തിന്റെ വാർത്തകൾ അറിയാൻ കഴിയും- ഇന്ന ഇന്ന സ്ഥലങ്ങളിൽ ഇങ്ങനെയുള്ള സേവനങ്ങൾ നടക്കുന്നുണ്ടെന്ന്. ആരാണോ വായിക്കാത്തത് അവർക്ക് സേവനത്തിന്റെ ഒരു കാര്യവും അറിയാൻ സാധിക്കില്ല മാത്രമല്ല പുരുഷാർത്ഥവും ചെയ്യില്ല. സേവനത്തിന്റെ വാർത്തകൾ കേൾക്കുമ്പോൾ എനിക്കും ഇങ്ങനെയുള്ള സേവനം ചെയ്യണം എന്നത് മനസ്സിൽ വരും. നമ്മുടെ സഹോദരീ സഹോദരന്മാർ എത്ര സേവനം ചെയ്യുന്നുണ്ട് എന്നത് മാഗസീനിലൂടെ മനസ്സിലാക്കാൻ സാധിക്കും. ഇത് കുട്ടികൾക്ക് അറിയാവുന്നതാണ്- എത്രത്തോളം സേവനം ചെയ്യുന്നുവോ അത്രയും ഉയർന്ന പദവി ലഭിക്കും. അതിനാൽ മാഗസീനും സേവനം ചെയ്യുന്നതിന് ഉത്സാഹം ഉണർത്തും. ഇത് വെറുതേ ഉണ്ടാക്കുന്നതല്ല. ആരാണോ സ്വയം പഠിക്കാത്തത് അവരാണ് ഇത് വെറുതെയാണ് എന്ന് കരുതുന്നത്. ചിലർ പറയും ഞങ്ങൾക്ക് വായിക്കാൻ അറിയില്ല, അല്ല നിങ്ങൾ രാമായണവും ഭാഗവതവും ഗീതയും കേൾക്കുന്നതിനായി പോകാറില്ലേ, ഇതും കേൾക്കണം. ഇല്ലെങ്കിൽ സേവനത്തിന് ഉത്സാഹം വർദ്ധിക്കില്ല. ഇന്ന സ്ഥലത്ത് ഇന്ന സേവനം നടന്നു. അഥവാ ലഹരിയുണ്ടെങ്കിൽ ആരെക്കൊണ്ടെങ്കിലും വായിപ്പിച്ചാണെങ്കിലും കേൾക്കും. മാഗസീൻ വായിക്കാത്തവരായി സെന്ററിൽ ഒരുപാടുപേരുണ്ട്. വളരെ അധികം പേരുണ്ട് അവരുടെ അടുത്ത് സേവനത്തിന്റെ പേരോ അടയാളമോ പോലുമുണ്ടാകില്ല. എങ്കിൽ പദവിയും അങ്ങനെയായിരിക്കും നേടുക. ഇതു മനസ്സിലാക്കുന്നുണ്ട് രാജധാനിയാണ് സ്ഥാപിക്കുന്നത്, ഇതിൽ ആര് എത്ര പരിശ്രമിക്കുന്നുവോ അതിനനുസരിച്ച് പദവി പ്രാപ്തമാക്കും. പഠിപ്പിൽ ശ്രദ്ധിച്ചില്ലെങ്കിൽ തോറ്റുപോകും. ഈ സമയത്തെ പഠിപ്പാണ് മുഴുവൻ ആധാരവും. എത്രത്തോളം പഠിക്കുന്നുവോ പഠിപ്പിക്കുന്നുവോ അത്രത്തോളം ഗുണം തനിക്കുതന്നെയാണ്. മാഗസീൻ വായിക്കണം എന്ന ചിന്തപോലും വരാത്ത ഒരുപാട് കുട്ടികളുണ്ട്. അവർ നയാപൈസയുടെ പദവിയാകും നേടുക. ഇവർ പുരുഷാർത്ഥം ചെയ്തില്ല അതിനാലാണ് ഇങ്ങനെയുള്ള പദവി ലഭിച്ചത് എന്ന ചിന്തയൊന്നും അവിടെയുണ്ടാകില്ല. കർമ്മത്തിന്റേയും അകർമ്മത്തിന്റേയും കാര്യങ്ങളെല്ലാം ബുദ്ധിയിലുള്ളത് ഇപ്പോഴാണ്.

കല്പത്തിലെ സംഗമയുഗത്തിലാണ് ബാബ മനസ്സിലാക്കിത്തരുന്നത്, ആരാണോ മനസ്സിലാക്കാത്തത് അവർ കല്ലുബുദ്ധികളാണ്. നമ്മൾ മുമ്പ് തുച്ഛബുദ്ധിയുള്ളവരായിരുന്നു എന്നത് നിങ്ങളും മനസ്സിലാക്കുന്നുണ്ട് അതിലും ശതമാനമുണ്ട്. ബാബ കുട്ടികൾക്ക് മനസ്സിലാക്കിത്തന്നുകൊണ്ടിരിക്കുന്നു, ഇപ്പോൾ കലിയുഗമാണ്, ഇതിൽ അപാര ദുഃഖമാണ്. ഇന്ന ഇന്നതെല്ലാം ദുഃഖമാണ്, വിവേകശാലികളായ കുട്ടികൾ മനസ്സിലാക്കും ബാബ ശരിയാണ് പറയുന്നതെന്ന്. ഇന്നലെ നമ്മൾ എത്ര ദുഃഖിയായിരുന്നു, എത്രയധികം ദുഃഖങ്ങൾക്ക് നടുവിലായിരുന്നു എന്നത് നിങ്ങൾക്കും അറിയാം. ഇപ്പോൾ വീണ്ടും അപാര സുഖത്തിന്റെ നടുവിലേയ്ക്ക് പോവുകയാണ്. ഇത് രാവണരാജ്യമാണ് കലിയുഗമാണ്- ഇതും നിങ്ങൾക്ക് അറിയാം. ആരാണോ അറിഞ്ഞിട്ടും മറ്റുള്ളവർക്ക് ഒന്നും മനസ്സിലാക്കിക്കൊടുക്കാത്തത് അവരെക്കുറിച്ച് ബാബ പറയുന്നു അവർക്ക് ഒന്നും അറിയില്ല. എപ്പോഴാണോ സേവനം ചെയ്യുന്നത്, വാർത്ത മാഗസീനിൽ വരുന്നത് അപ്പോഴേ അറിയുന്നവർ എന്ന് പറയൂ. ദിനംപ്രതിദിനം ബാബ സഹജമായ പോയിന്റുകൾ കേൾപ്പിച്ചുകൊണ്ടിരിക്കുന്നു. അവർ മനസ്സിലാക്കുന്നത് കലിയുഗം ഇപ്പോഴും കുഞ്ഞുകുട്ടിയാണെന്നാണ്, സംഗമമാണെന്ന് മനസ്സിലാക്കിയാലേ സത്യയുഗവും കലിയുഗവും തമ്മിലുള്ള വ്യത്യാസം അറിയാൻ പറ്റൂ. കലിയു

ഗത്തിൽ അപാരദുഃഖമാണ്, സത്യയുഗത്തിൽ അപാരസുഖമാണ്. പറയൂ, അപാരസുഖം നമ്മൾ കുട്ടികൾക്ക് ബാബ നൽകുകയാണ് അതിന്റെ വർണ്ണനയാണ് ഞങ്ങൾ ചെയ്യുന്നത്. മറ്റാർക്കും ഇങ്ങനെ മനസ്സിലാക്കിക്കൊടുക്കാൻ സാധിക്കില്ല. നിങ്ങൾ പുതിയ കാര്യങ്ങളാണ് പറഞ്ഞുകൊടുക്കുന്നത് മറ്റാർക്കും നിങ്ങൾ നരകവാസിയാണോ അതോ സ്വർഗ്ഗവാസിയാണോ എന്നുപോലും ചോദിക്കാൻ സാധിക്കില്ല. നിങ്ങൾ കുട്ടികളും നമ്പർവൈസാണ്, ഇത്രയും പോയിന്റ്സ് ഓർമ്മിച്ചുവെക്കാൻ സാധിക്കുന്നില്ല, മനസ്സിലാക്കിക്കൊടുക്കുന്ന സമയത്ത് ദേഹാഭിമാനം ഉണ്ടാകുന്നു. ആത്മാവാണ് കേൾക്കുന്നതും ധാരണ ചെയ്യുന്നതും. പക്ഷേ നല്ല നല്ല മഹാരഥികൾ പോലും ഇത് മറന്നുപോകുന്നു. ദേഹാഭിമാനത്തിൽ വന്ന് സംസാരിക്കാൻ തുടങ്ങും, ഇങ്ങനെ എല്ലാവർക്കും സംഭവിക്കാറുണ്ട്. ബാബ പറയുന്നു എല്ലാവരും പുരുഷാർത്ഥികളാണ്. ആത്മാവാണെന്ന് മനസ്സിലാക്കിയല്ല സംസാരിക്കുന്നത്. ബാബ ആത്മാവാണെന്ന് മനസ്സിലാക്കിയാണ് ജ്ഞാനം നൽകുന്നത്. ബാക്കി സഹോദരങ്ങൾ എല്ലാവരും പുരുഷാർത്ഥം ചെയ്തുകൊണ്ടിരിക്കുകയാണ്– ഈ അവസ്ഥയിൽ നിലനിൽക്കണം. അതിനാൽ കുട്ടികൾക്കും മനസ്സിലാക്കിക്കൊടുക്കണം, കലിയുഗത്തിൽ അപാര ദുഃഖമാണ്, സത്യയുഗത്തിൽ അപാരസുഖമാണ്. ഇപ്പോൾ സംഗമയുഗമാണ് നടക്കുന്നത്. ബാബ വഴി പറഞ്ഞുതരുകയാണ്, അല്ലാതെ സുഖം നൽകുകയല്ല ചെയ്യുന്നത്. സുഖത്തിലേയ്ക്കുള്ള വഴി പറഞ്ഞുതരുന്നു. രാവണനും ദുഃഖം നൽകുന്നില്ല, ദുഃഖത്തിലേയ്ക്കുള്ള തലതിരിഞ്ഞ വഴി പറഞ്ഞുതരുന്നു. ബാബ ദുഃഖവും നൽകുന്നില്ല സുഖവും നൽകുന്നില്ല, സുഖത്തിലേയ്ക്കുള്ള വഴി പറഞ്ഞുതരികയാണ്. പിന്നീട് ആര് എത്ര പുരുഷാർത്ഥം ചെയ്യുന്നുവോ അത്രയും സുഖം നേടും. സുഖം നൽകുന്നില്ല. ബാബയുടെ ശ്രീമതത്തിലൂടെ നടക്കുന്നതിലൂടെ സുഖം നേടുകയാണ്. ബാബ കേവലം വഴി പറഞ്ഞുതരുന്നു, രാവണനിൽ നിന്നും ലഭിക്കുന്നത് ദുഃഖത്തിലേയ്ക്കുള്ള വഴിയാണ്. അഥവാ ബാബ നൽകുകയാണെങ്കിൽ എല്ലാവർക്കും ഒരുപോലെ സമ്പത്ത് ലഭിക്കേണ്ടതാണ്. എങ്ങനെയാണോ ലൗകിക പിതാവ് സമ്പത്ത് ഭാഗം വെയ്ക്കുന്നത് അതുപോലെ. ഇവിടെ ആര് എങ്ങനെ പുരുഷാർത്ഥം ചെയ്യുന്നോ അതുപോലെയാണ്. ബാബ വളരെ സഹജമായ വഴി പറഞ്ഞുതരുന്നു. ഇങ്ങനെ ഇങ്ങനെ ചെയ്യുകയാണെങ്കിൽ ഇത്രയും ഉയർന്ന പദവി ലഭിക്കും. കുട്ടികൾക്ക് പുരുഷാർത്ഥം ചെയ്യണം– എനിക്ക് ഏറ്റവും ഉയർന്ന പദവി നേടണം എന്നു കരുതി പഠിക്കണം. ഇവർ ഉയർന്ന പദവി നേടിക്കോട്ടെ, ഞാൻ ഇവിടെയിരുന്നോളാം എന്നാകരുത്. ആദ്യം പുരുഷാർത്ഥം. ഡ്രാമ അനുസരിച്ച് പുരുഷാർത്ഥം തീർച്ചയായും ചെയ്യേണ്ടതുണ്ട്. ചിലർ തീവ്രപുരുഷാർത്ഥം ചെയ്യുന്നു, ചിലർ പതുക്കെയാണ്. പുരുഷാർത്ഥമാണ് എല്ലാത്തിനും ആധാരം. ബാബയാണെങ്കിൽ വഴി പറഞ്ഞുതന്നു– എന്നെ ഓർമ്മിക്കൂ. എത്രത്തോളം ഓർമ്മിക്കുന്നുവോ അത്രയും വികർമ്മം വിനാശമാകും. ഡ്രാമയുടെ മേലെയിടരുത്. ഇത് മനസ്സിലായ കാര്യമാണ്.

വിശ്വത്തിന്റെ ചരിത്രവും ഭൂമിശാസ്ത്രവും ആവർത്തിക്കും. അതിനാൽ തീർച്ചയായും എന്ത് പാർട്ടാണോ അഭിനയിച്ചത് അതുതന്നെ വീണ്ടും അഭിനയിക്കേണ്ടിവരും. മുഴുവൻ ധർമ്മങ്ങളും വീണ്ടും തന്റെ സമയമാകുമ്പോൾ വരും. കരുതൂ ഇപ്പോൾ ക്രിസ്ത്യൻസ് 100 കോടിയുണ്ട് എങ്കിൽ വീണ്ടും ഇത്രയുംപേർ തന്നെ പാർട്ട് അഭിനയിക്കാനായി വരും. ആത്മാവും വിനാശമാകില്ല, ആത്മാവിലെ പാർട്ടും ഒരിയ്ക്കലും വിനാശമാവുകയില്ല. ഇത് മനസ്സിലാക്കേണ്ട കാര്യമാണ്. ആരാണോ മനസ്സിലാക്കിയത് അവർ തീർച്ചയായും മനസ്സിലാക്കിക്കൊടുക്കും. ധനം നൽകാതെ ധനം വർദ്ധിക്കില്ല. ധാരണയുണ്ടായിക്കൊണ്ടേയിരിക്കും, മറ്റുള്ളവരേയും ധനവാനാക്കി മാറ്റിക്കൊണ്ടിരിക്കും പക്ഷേ ഭാഗ്യത്തിൽ ഇല്ലെങ്കിൽ തന്നെക്കൊണ്ട് സാധിക്കില്ല എന്നു കരുതും. ടീച്ചർ പറയും നിങ്ങൾക്ക് പറഞ്ഞുകൊടുക്കാൻ കഴിയുന്നില്ലെങ്കിൽ നിങ്ങളുടെ ഭാഗ്യത്തിൽ കാലണയുടെ പദവിയായിരിക്കും ഉണ്ടാവുക. ഭാഗ്യത്തിൽ ഇല്ലെങ്കിൽ യുക്തികൾ ഉപയോഗിച്ചിട്ട് എന്ത് കാര്യം. ഇത് പരിധിയില്ലാത്ത പാഠശാലയാണ്. ഓരോ ടീച്ചേഴ്സിന്റേയും വിഷയം വേറെ വേറെയായിരിക്കും. ബാബ പഠിപ്പിക്കുന്ന രീതി ബാബയ്ക്കേ അറിയൂ പിന്നെ നിങ്ങൾ കുട്ടികൾക്കും അറിയാം, ബാക്കി ആർക്കും അറിയാൻ കഴിയില്ല. നിങ്ങൾ കുട്ടികൾ എത്ര പരിശ്രമിക്കുന്നു അപ്പോഴാണ് ആരെങ്കിലും മനസ്സിലാക്കുന്നത്. ബുദ്ധിയിൽ നിൽക്കുന്നേയില്ല. എത്രത്തോളം അടുത്തേയ്ക്ക് എത്തുന്നുവോ അതിനനുസരിച്ച് സമർത്ഥരായി മാറുന്നത് കാണാൻ സാധിക്കും. ഇപ്പോൾ മ്യൂസിയം ആത്മീയ കോളേജ് എന്നിവ നിർമ്മിക്കുന്നുണ്ട്. നിങ്ങളുടെ പേരുതന്നെ വേറിട്ടതാണ് ആത്മീയ വിശ്വവിദ്യാലയം. ഗവൺമെന്റും നോക്കും. പറയൂ, നിങ്ങളുടേത് ഭൗതീകമായ സർവ്വകലാശാലയാണ്, എന്നാൽ ഇത് ആത്മീയമാണ്. ആത്മാവാണ് പഠിക്കുന്നത്. 84 ന്റെ മുഴുവൻ ചക്രത്തിലും ഒരേയൊരു തവണയാണ് ബാബ വന്ന് ആത്മീയ കുട്ടികളെ പഠിപ്പിക്കുന്നത്. ഫിലിമിൽ കാണാറുണ്ട് 3 മണിക്കൂറിനുശേഷം വീണ്ടും അതുതന്നെ ആവർത്തിക്കും. ഇവിടെയും 5000 വർഷത്തിന്റെ ചക്രം വീണ്ടും അതുപോലെ ആവർത്തിക്കും. ഇത് നിങ്ങൾ കുട്ടികൾക്ക് അറിയാം. അവർ ഭക്തിയിൽ ശാസ്ത്രങ്ങൾ മാത്രമാണ് ശരി എന്ന് മനസ്സിലാക്കുന്നു. നിങ്ങൾക്കാണെങ്കിൽ ഒരു ശാസ്ത്രവുമില്ല. ബാബ ഇരുന്ന് മനസ്സിലാക്കിത്തരുകയാണ്, എന്താ ബാബ ഏതെങ്കിലും ശാസ്ത്രം പഠിച്ചിട്ടുണ്ടോ? അവരാണെങ്കിൽ ഗീത പഠിപ്പിച്ച് കേൾപ്പിക്കും. അഥവാ പഠിച്ചിട്ടുണ്ടെങ്കിൽ അമ്മ

യുടെ ഉദരത്തിൽ ബാബ പ്രവേശിക്കുന്നില്ലല്ലോ. പരിധിയില്ലാത്ത ബാബയുടെ പാർട്ട് പഠിപ്പിക്കുന്നതിന്റേതാണ്. തന്റെ പരിചയം നൽകുന്നു. ലോകത്തിലുള്ളവർക്കാണെങ്കിൽ അറിയുകയേയില്ല. പാടുന്നുമുണ്ട്– അച്ഛൻ ജ്ഞാനസാഗരനാണ്. ജ്ഞാനസാഗരൻ എന്ന് കൃഷ്ണനെ പറയാറില്ല. എന്താ ഈ ലക്ഷ്മീ നാരായണന്മാർ ജ്ഞാനസാഗരന്മാരാണോ? അല്ല. ഇത് അത്ഭുതമാണ്, നമ്മൾ ബ്രാഹ്മണർ തന്നെയാണ് ശ്രീമതം അനുസരിച്ച് ഈ ജ്ഞാനം കേൾപ്പിക്കുന്നത്. നിങ്ങൾ മനസ്സിലാക്കിക്കൊടുക്കുന്നു ഈ കണക്ക് അനുസരിച്ച് നമ്മൾ ബ്രാഹ്മണർ തന്നെയാണ് പ്രജാപിതാ ബ്രഹ്മാവിന്റെ സന്താനങ്ങൾ. അനേകം തവണ ആയിട്ടുണ്ട്, വീണ്ടും ആവും. മനുഷ്യരുടെ ബുദ്ധിയിൽ ഇത് എപ്പോൾ വരുന്നോ അപ്പോഴേ അംഗീകരിക്കൂ. നിങ്ങൾക്ക് അറിയാം കല്പ കല്പം നമ്മൾ പ്രജാപിതാ ബ്രഹ്മാവിന്റെ ദത്തെടുക്കപ്പെടുന്ന കുട്ടികളായി മാറും. ആരാണോ മനസ്സിലാക്കുന്നത് അവർ നിശ്ചയബുദ്ധിയായും മാറും. ബ്രാഹ്മണനായി മാറാതെ എങ്ങനെ ദേവതയായി മാറും. ഓരോരുത്തരുടേയും ബുദ്ധിയാണ് ആധാരം. സ്ക്കൂളിൽ ചിലർ സ്കോളർഷിപ്പ് നേടും എന്നാൽ ചിലർ തോറ്റുപോകും. പിന്നീട് ആരംഭം മുതൽ പഠിക്കണം. ബാബ പറയുന്നു വികാരത്തിൽ വീണു എങ്കിൽ സമ്പാദ്യം നഷ്ടപ്പെടുത്തി, പിന്നീട് ബുദ്ധിയിൽ ഇതൊന്നും ഇരിക്കില്ല. ഉള്ള് കാർന്നുകൊണ്ടിരിക്കും.

നിങ്ങൾ മനസ്സിലാക്കുന്നുണ്ട് ഈ ജന്മത്തിൽ എന്തെല്ലാം പാപങ്ങൾ ചെയ്തോ അതെല്ലാം നമുക്ക് അറിയാം. ബാക്കി മുൻജന്മങ്ങളിൽ എന്തെല്ലാം ചെയ്തിട്ടുണ്ട് എന്നത് ഓർമ്മയുണ്ടാകില്ല. തീർച്ചയായും പാപം ചെയ്തിട്ടുണ്ട്. പുണ്യാത്മാവായിരുന്നത് ആരാണോ അവർ തന്നെയാണ് പാപാത്മാവായി മാറുന്നത്. കണക്കുവഴക്കുകൾ ബാബ ഇരുന്ന് മനസ്സിലാക്കിത്തരുകയാണ്. വളരെ അധികം കുട്ടികളുണ്ട്, മറന്നുപോകുന്നു, പഠിക്കുന്നില്ല. അഥവാ പഠിക്കുന്നുണ്ടെങ്കിൽ തീർച്ചയായും പഠിപ്പിക്കുകയും ചെയ്യും. ചില ഡൾ ബുദ്ധികൾ സമർത്ഥരായി മാറുന്നു, എത്ര വലിയ പഠിപ്പാണ്. ബാബയുടെ ഈ പഠിപ്പിലൂടെ വേണം സൂര്യവംശീ ചന്ദ്രവംശീ പരമ്പരകൾ ഉണ്ടാകാൻ. അവർ ഈ ജന്മത്തിലാണ് പഠിച്ച് ലക്ഷ്യം നേടുന്നത്. നിങ്ങൾക്ക് അറിയാം ഈ പഠിപ്പിന്റെ പദവി പുതിയ ലോകത്തിലാണ് ലഭിക്കുക. അത് ദൂരെയൊന്നുമല്ല. എങ്ങനെയാണോ വസ്ത്രം മാറ്റുന്നത് അതുപോലെ പഴയ ലോകത്തെ ഉപേക്ഷിച്ച് പുതിയ ലോകത്തിലേയ്ക്ക് പോകണം. തീർച്ചയായും വിനാശവും ഉണ്ടാകും. ഇപ്പോൾ നിങ്ങൾ പുതിയലോകത്തിലേതായി മാറുകയാണ്. പിന്നീട് ഈ പഴയ വസ്ത്രം ഉപേക്ഷിച്ച് പോകണം. നമ്പർവൈസായി രാജധാനി സ്ഥാപിച്ചുകൊണ്ടിരിക്കുകയാണ്, ആരാണോ നല്ലരീതിയിൽ പഠിക്കുന്നത് അവരാണ് ആദ്യമാദ്യം സ്വർഗ്ഗത്തിൽ വരുന്നത്. ബാക്കിയുള്ളവർ പിന്നാലെ വരും. സ്വർഗ്ഗത്തിലേയ്ക്ക് വരാൻ കഴിയില്ല. സ്വർഗ്ഗത്തിലെ ദാസ ദാസിമാർ ആരാണോ അവരും ഹൃദയത്തിൽ കയറിയവരായിരിക്കും. അല്ലാതെ എല്ലാവരും വരും എന്നല്ല. ഇപ്പോൾ ആത്മീയ കോളേജ് മുതലായവ തുറന്നുകൊണ്ടിരിക്കുന്നു, എല്ലാവരും വന്ന് പുരുഷാർത്ഥം ചെയ്യും. പഠിപ്പിൽ തീവ്രതയോടെ മുകളിലേയ്ക്ക് പോകുന്നത് ആരാണോ അവർ ഉയർന്ന പദവി നേടും. ഡള്ളായ ബുദ്ധിയുള്ളവർ കുറഞ്ഞ പദവി നേടും. ഡൾ ബുദ്ധിയുള്ളവരും മുന്നോട്ട് പോകവേ തീവ്രഗതിയിൽ പുരുഷാർത്ഥം ചെയ്യാനും സാദ്ധ്യതയുണ്ട്. വളരെ വിവേകശാലികളായവർ താഴേയ്ക്ക് പോകാനും സാദ്ധ്യതയുണ്ട്. പുരുഷാർത്ഥത്തിൽ നിന്നും മനസ്സിലാക്കാം. ഈ നടക്കുന്നത് മുഴുവനും ഡ്രാമയാണ്. ആത്മാവ് ശരീരം ധാരണചെയ്ത് ഇവിടെ പാർട്ട് അഭിനയിക്കുകയാണ്, പുതിയ ശരീരം ധാരണ ചെയ്ത് പുതിയ പാർട്ട് അഭിനയിക്കുന്നു. എപ്പോഴെല്ലാം എന്തെല്ലാമായാണ് മാറുന്നത്. സംസ്ക്കാരം ആത്മാവിലാണ് ഉള്ളത്. പുറത്തുള്ള ആരിലും അല്പം പോലും ജ്ഞാനമില്ല. ബാബ എപ്പോൾ വന്ന് പഠിപ്പിക്കുന്നോ അപ്പോഴാണ് ജ്ഞാനം ലഭിക്കുന്നത്. ടീച്ചർ ഇല്ല എങ്കിൽ പിന്നെ ജ്ഞാനം എവിടെ നിന്നും ലഭിക്കാനാണ്. അത് ഭക്തിയാണ്. ഭക്തിയിൽ അപാരദുഃഖമാണ്, മീരയ്ക്ക് സാക്ഷാത്ക്കാരങ്ങൾ ലഭിക്കുമായിരുന്നു പക്ഷേ സുഖം ഉണ്ടായിരുന്നില്ലല്ലോ. എന്താ അസുഖം വന്നിട്ടുണ്ടാകില്ലേ. അവിടെ ഒരുപ്രകാരത്തിലുള്ള ദുഃഖവും ഉണ്ടാകില്ല. ഇവിടെ അപാരദുഃഖമാണ്, അവിടെ അപാരസുഖമാണ്. ഇവിടെ എല്ലാവരും ദുഃഖിയാണ്, രാജാക്കന്മാർക്കും ദുഃഖമല്ലേ, പേരുതന്നെ ദുഃഖധാമമെന്നാണ്. അത് സുഖധാമമാണ്. സമ്പൂർണ്ണ ദുഃഖവും സമ്പൂർണ്ണ സുഖവും പിന്നെ ഇതാണ് സംഗമയുഗം. സത്യയുഗത്തിൽ സമ്പൂർണ്ണ സുഖം, കലിയുഗത്തിൽ സമ്പൂർണ്ണ ദുഃഖം. ദുഃഖം ഒരുപാടു രീതിയിലുണ്ട് എല്ലാം വൃദ്ധി നേടിക്കൊണ്ടിരിക്കുകയാണ്. മുന്നോട്ട് പോകവേ എത്ര ദുഃഖം ഉണ്ടാകും. അളവില്ലാത്ത ദുഃഖത്തിന്റെ പർവ്വതം ഇടിഞ്ഞുവീഴും.

നിങ്ങൾക്ക് സംസാരിക്കാൻ വളരെ കുറച്ച് സമയമേ അവർ നൽകുന്നുള്ളു. രണ്ട് മിനിറ്റ് നൽകിയാലും മനസ്സിലാക്കിക്കൊടുക്കൂ, സത്യയുഗത്തിൽ അളവില്ലാത്ത സുഖമുണ്ട് അത് ബാബയാണ് നൽകുന്നത്. രാവണനിൽ നിന്നും അപാരദുഃഖമാണ് ലഭിക്കുന്നത്. ഇപ്പോൾ ബാബ പറയുന്നു കാമത്തിനുമേൽ വിജയം നേടൂ എങ്കിൽ ജഗദ്ജീത്തായി മാറും. ഈ ജ്ഞാനത്തിന് വിനാശമുണ്ടാകില്ല. കുറച്ച് കേട്ടാലും സ്വർഗ്ഗത്തിലേയ്ക്ക് വരും. വളരെ അധികം പ്രജകളുണ്ടാകും. രാജാവ് എവിടെക്കിടക്കുന്നു, ദരിദ്രനെവിടെക്കിട

ക്കുന്നു. ഓരോരുത്തരുടേയും ബുദ്ധി വ്യത്യസ്തമാണ്. മനസ്സിലാക്കിയിട്ട് ആരാണോ മറ്റുള്ളവർക്കും മനസ്സിലാക്കിക്കൊടുക്കുന്നത് അവർക്ക് നല്ല പദവി ലഭിക്കും. ഈ സ്ക്കൂളും വളരെ വിശേഷമായതാണ്. ഭഗവാനാണ് വന്ന് പഠിപ്പിക്കുന്നത്. ശ്രീകൃഷ്ണൻ പിന്നെയും ദൈവീക ഗുണങ്ങളുള്ള ദേവതയാണ്. ബാബ പറയുന്നു ഞാൻ ദൈവീക ഗുണങ്ങളിൽ നിന്നും ആസുരീയ അവഗുണങ്ങളിൽ നിന്നും വേറിട്ടതാണ്. ഞാൻ നിങ്ങളുടെ അച്ഛനാണ് വരുന്നത് പഠിപ്പിക്കാനാണ്. ആത്മീയ ജ്ഞാനം നൽകുന്നത് പരമാത്മാവാണ്. ഗീതാജ്ഞാനം നൽകാൻ ദേഹധാരിയായ ഒരു മനുഷ്യനോ അല്ലെങ്കിൽ ദേവതയ്ക്കോ സാധിക്കില്ല. വിഷ്ണു ദേവതായെ നമ: എന്നു പറയുന്നു, എങ്കിൽ കൃഷ്ണൻ ആരാണ്? ദേവതയായ കൃഷ്ണൻ തന്നെയാണ് വിഷ്ണു– ഇത് ആർക്കും അറിയില്ല. നിങ്ങളിൽ പലരും മറന്നുപോകുന്നു. സ്വയം പൂർണ്ണമായി മനസ്സിലാക്കിയാൽ മറ്റുള്ളവർക്കും മനസ്സിലാക്കിക്കൊടുക്കും. സേവനം ചെയ്ത് തെളിവുമായി വരണം അപ്പോൾ മനസ്സിലാക്കും സേവനം ചെയ്തു അതിനാൽ ബാബ പറയുകയാണ് നീട്ടി വലിച്ച് വാർത്തകൾ എഴുതേണ്ടതില്ല, ഇന്നയാൾ വരാൻ പോവുകയാണ്, ഇങ്ങനെ പറഞ്ഞിട്ട് പോയിട്ടുണ്ട്..... ഇങ്ങനെ എഴുതേണ്ട ആവശ്യമില്ല. കുറഞ്ഞ വാക്കുകളിൽ എഴുതണം. വന്നോ, നിലനിൽക്കുന്നുണ്ടോ എന്ന് നോക്കൂ. മനസ്സിലാക്കി സേവനം ചെയ്യാൻ തുടങ്ങുമ്പോൾ വാർത്ത എഴുതു. ചിലർ വളരെ ഷോ കാണിച്ച് വാർത്തകൾ നൽകുന്നു. ബാബയ്ക്ക് ഓരോ കാര്യത്തിലുമുള്ള റിസൾട്ട് വേണം. ഇങ്ങനെ അനേകംപേർ ബാബയുടെ അടുത്തേയ്ക്ക് വരുന്നുണ്ട്, പിന്നീട് ഉപേക്ഷിച്ച് പോകും, അതിൽ നിന്ന് എന്ത് പ്രയോജനം. അവരെ ബാബ എന്ത് ചെയ്യും. അവർക്കും പ്രയോജനമില്ല, നിങ്ങൾക്കും പ്രയോജനമില്ല. നിങ്ങളുടെ ദൗത്യത്തിന്റെ വൃദ്ധി ഉണ്ടായില്ലല്ലോ. ശരി!

വളരെക്കാലത്തെ വേർപാടിനു ശേഷം തിരിച്ചു കിട്ടിയ മധുരമധുരമായ കുട്ടികൾക്ക് മാതാവും പിതാവുമായ ബാപ്ദാദയുടെ സ്നേഹസ്മരണയും പുലർക്കാലവന്ദനവും ആത്മീയ അച്ഛന്റെ ആത്മീയ കുട്ടികൾക്ക് നമസ്കാരം.

## ധാരണയ്ക്കുള്ള മുഖ്യമായ സാരം –

1. ഒരു കാര്യത്തിലും നിസ്സഹായരാകരുത്. സ്വയത്തിൽ ജ്ഞാനത്തെ ധാരണ ചെയ്ത് ദാനം ചെയ്യണം. മറ്റുള്ളവരുടെ ഭാഗ്യത്തേയും ഉണർത്തണം.

2. ആരോട് സംസാരിക്കുകയാണെങ്കിലും സ്വയം ആത്മാവാണെന്ന് മനസ്സിലാക്കി ആത്മാവിനോട് സംസാരിക്കണം. അല്പംപോലും ദേഹാഭിമാനം ഉണ്ടാകരുത്. ബാബയിൽ നിന്നും ലഭിച്ച അപാരസുഖത്തെ മറ്റെല്ലാവർക്കും വിതരണം ചെയ്യണം.

## വരദാനം – ഹൃദയത്തിന്റെയും ബുദ്ധിയുടെയും ബാലൻസിൽ സേവനം ചെയ്യുന്ന സദാ സഫലതാമൂർത്തിയായി ഭവിയ്ക്കട്ടെ.

പല തവണ കുട്ടികൾ സേവനത്തിൽ കേവലം ബുദ്ധിയാണ് ഉപയോഗിക്കുന്നത്, എന്നാൽ ഹൃദയവും ബുദ്ധിയും ഉപയോഗിച്ച് സേവനം ചെയ്യുകയാണെങ്കിൽ മാത്രമാണ് സേവനത്തിൽ സഫലതാമൂർത്തിയാകൂ. ആരാണോ കേവലം ബുദ്ധി ഉപയോഗിച്ച് ചെയ്യുന്നത്, അവരുടെ ബുദ്ധിയിൽ കുറച്ചു സമയത്തേക്ക് ബാബയുടെ ഓർമ്മ നിലനിൽക്കുന്നു, അതെ ബാബയാണ് ചെയ്യിപ്പിക്കുന്നതെന്ന്, എന്നാൽ കുറച്ച് സമയത്തേക്ക് ശേഷം വീണ്ടും ഞാൻ എന്ന ഭാവം വരുന്നു. എന്നാൽ ഹൃദയത്തിൽ നിന്നും ആത്മാർത്ഥതയോടെ ചെയ്യുന്നവരുടെ ഹൃദയത്തിൽ ബാബയുടെ സ്മൃതി സദാ ഉണ്ടാകുന്നു. ആത്മാർത്ഥതയോടെ ചെയ്യുന്നവർക്കാണ് ഫലം ലഭിക്കുന്നത്. രണ്ടിന്റെയും ബാലൻസുണ്ടെങ്കിൽ സദാ സഫലതയാണ്.

## സ്ലോഗൻ – പരിധിയില്ലാത്തതിലിരിക്കൂ എന്നാൽ പരിധിയുള്ള കാര്യങ്ങൾ സ്വതവേ സമാപ്തമാകുന്നു.